പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2524

27.01.2014- ലെ മറുപടിക്ക്

## സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ<br>" പി. എ. മാധവൻ<br>" കെ. മുരളീധരൻ<br>" ലൂഡി ലൂയിസ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കുമോ; | എ) | 2013-14-ലെ പ്ലാൻ ബജറ്റിൽ 2210 ശീർഷകത്തിൽ 42 സംസ്ഥാന പദ്ധതികളിലും 5 കേന്ദ്രാവിഷ്കൃത പദ്ധതികളിലും 4210 ശീർഷകത്തിൽ 8 പദ്ധതികളിലുമായി ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി തുക വകയിരുത്തിയിട്ടുണ്ട്.<br>ഇതിൽ പ്രധാനമായും താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുന്നു.<br>1. ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ.<br>2. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മെന്റൽ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ.<br>3. ഫിസിക്കൽ മെഡിസിൻ യൂണിറ്റുകൾക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റും നൽകൽ.<br>4. ഡെന്റൽ യൂണിറ്റുകൾ ശക്തിപ്പെടുത്തൽ.<br>5. ടെലി ഹെൽത്ത് മെഡിക്കൽ യൂണിറ്റുകൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ.<br>6. ഡിസ്ട്രിക്റ്റ് മെന്റൽ ഹെൽത്ത് പ്രോഗ്രാമുകൾ.<br>7. ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, വന്ധ്യതാ |

| | | | |
|---|---|---|---|
| | | | ചികിത്സാ സൗകര്യം മെച്ചപ്പെടുത്തൽ.<br>8. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കൽ.<br>9. ട്രോമാ കെയർ സംവിധാനം ശക്തിപ്പെടുത്തൽ.<br>10. ലഹരി വിമുക്ത ചികിത്സാ സെന്ററുകൾക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ, ഉപകരണങ്ങളും മറ്റും വാങ്ങൽ.<br>11. സി. എച്ച്. സി. മുതൽ ജനറൽ ഹോസ്പിറ്റൽ വരെയുള്ള ആശുപത്രികളുടെ ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.<br>12. തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളുടെ മെറ്റേണിറ്റി യൂണിറ്റുകൾ ശക്തിപ്പെടുത്തൽ.<br>13. മെഡിക്കൽ റിക്കോർഡ് ലൈബ്രറി ശക്തിപ്പെടുത്തൽ<br>14. ക്യാൻസർ കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തൽ.<br>15. പബ്ലിക്ക് ഹെൽത്ത് ലാബുകൾ ശക്തിപ്പെടുത്തൽ.<br>16. ജനറൽ ഹോസ്പിറ്റൽ തിരുവനന്തപുരം, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട് എന്നിവ സംയോജിപ്പിച്ച് മെഡിക്കൽ കോളേജ് നിലവാരത്തിലാക്കുക.<br>05/02/2013-ലെ ഉത്തരവ് നം. 114/13/ടാക്സസ് പ്രകാരം സംസ്ഥാനത്ത് 14 ജില്ലകളിലായി 27 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.<br>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു.<br>1. നാഷണൽ ലെപ്രസി എറാഡിക്കേഷൻ പ്രോഗ്രാം<br>2. നാഷണൽ ബ്ലൈൻഡ്നസ് കൺട്രോൾ പ്രോഗ്രാം.<br>3. നാഷണൽ അയഡിൻ ഡെഫീഷ്യൻസി ഡിസീസ് കൺട്രോൾ പ്രോഗ്രാം.<br>4. എൻ. എ. സി. പി. ട്രയിനിംഗ് പ്രോഗ്രാം.<br>5. റിവൈസ്ഡ് റ്റി. ബി. കൺട്രോൾ പ്രോഗ്രാം.<br>4210 ശീർഷകത്തിൽ താഴെ പറയുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതികൾ ഉൾപ്പെടുന്നു.<br>1. മെന്റൽ ഹെൽത്ത് സെന്ററുകളുടെ നിർമ്മാണ പ്രവർത്തികൾ.<br>2. പെയിൻ & പാലിയേറ്റീവ് സെന്ററുകളുടെ നിർമ്മാണ പ്രവൃത്തികൾ.<br>3. പി. എച്ച്. ലാബ് ശക്തിപ്പെടുത്തൽ.<br>4. ആരോഗ്യ വകുപ്പിനു കീഴിലുള്ള തെരഞ്ഞെടുത്ത ആശുപത്രികളുടെ നിർമ്മാണ പ്രവർത്തികളും മറ്റും.<br>5. ഡയഗ്നോസ്റ്റിക്ക് സേവനങ്ങൾ ശക്തിപ്പെടുത്തൽ. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ ലാബുകളുടെ നിർമ്മാണ പ്രവൃത്തികൾ.<br>6. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ നിർമ്മിക്കൽ.<br>7. ആരോഗ്യ വകുപ്പിന് കീഴിൽ പ്രധാന നിർമ്മാണ പ്രവൃത്തികൾ.<br>മേൽപ്പറഞ്ഞിരിക്കുന്ന എല്ലാ പദ്ധതികളും നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ ; | ബി) | ഈ പദ്ധതികളിൽ ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്ന സ്കീമിൽ ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ വിഹിതമായി 600 ലക്ഷം രൂപയും ഡയഗ്നോസ്റ്റിക്ക് സർവ്വീസസ് ശക്തിപ്പെടുത്തൽ എന്ന സ്കീമിൽ ധനകാര്യ കമ്മീഷൻ വിഹിതമായി 400 ലക്ഷം രൂപയും നാഷണൽ ലെപ്രസി എറാഡിക്കേഷൻ പ്രോഗ്രാം എന്ന സ്കീമിൽ അനുവദിച്ച തുകയുടെ (47.02 ലക്ഷം) 75% കേന്ദ്രവിഹിതമായും എൻ. പി. ഒ. സി. ബി. യിൽ അനുവദിച്ച തുകയിൽ (380.3253 ലക്ഷം) 75% കേന്ദ്ര വിഹിതമായും. എൻ. എ. സി. പി. ഐ. പി. ഒ. പി, എൻ. റ്റി. സി. ബി യിൽ 100% കേന്ദ്രവിഹിതമായും നീക്കിവച്ചിട്ടുണ്ട്. പെയിൻ & പാലിയേറ്റീവ് കെയർ എന്ന സ്കീമിലും ഡയഗ്നോസ്റ്റിക്ക് സർവ്വീസുകൾ ശക്തിപ്പെടുത്തൽ എന്ന സ്കീമും ഉൾപ്പെട്ട പ്രവൃത്തികൾക്ക് പതിമൂന്നാം ധനകാര്യ കമ്മീഷൻ വിഹിതമായി 1100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിനു കീഴിൽ പ്രധാന നിർമ്മാണ പ്രവൃത്തികൾക്ക് അധിക കേന്ദ്ര വിഹിതമായി 2500 ലക്ഷം രൂപയും |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിട്ടുണ്ട്. മേൽപ്പടി പ്രവൃത്തികൾക്കെല്ലാം 4210 ശീർഷകത്തിലാണ് ഫണ്ട് നീക്കിവച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | ഏതെല്ലാം തരത്തിലുള്ള നിർമ്മാണങ്ങൾക്കാണ് പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ ; | സി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ - 300 ലക്ഷം രൂപ.<br>1. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിന് 5 സ്ഥാപനങ്ങൾക്ക് 60 ലക്ഷം രൂപ വീതം (താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി പാറശ്ശാല, കാഞ്ഞിരപ്പള്ളി, ചാലക്കുടി, പെരിന്തൽമണ്ണ, ഡിസ്ട്രിക്റ്റ് ഹോസ്പിറ്റൽ, പാലക്കാട്)<br>2. ഡി അഡിക്ഷൻ സെന്ററുകളുടെ നിർമ്മാണം- 5 സ്ഥാപനങ്ങൾക്ക് 100 ലക്ഷം രൂപ (ജനറൽ ആശുപത്രി, എറണാകുളം, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര, കരുനാഗപ്പള്ളി. തിരൂരങ്ങാടി, ജില്ലാ ആശുപത്രി, കോട്ടയം)<br>3. മെറ്റേണിറ്റി യൂണിറ്റ് സ്ഥാപിക്കൽ (താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാവക്കാട്, വൈത്തിരി, തളിപ്പറമ്പ്)<br>4. മെന്റൽ ഹെൽത്ത് സെന്റർ കോഴിക്കോട്- 17 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ.<br>5. ഡയഗ്നോസ്റ്റിക്ക് സർവ്വീസസ്- ആരോഗ്യ വകുപ്പിനു കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ലാബ് സൗകര്യം ശക്തിപ്പെടുത്തൽ - 1000 ലക്ഷം രൂപ.<br>(എസ്. പി. എച്ച്. സി. എൽ, തിരുവനന്തപുരം, ജില്ലാ ആശുപത്രി നെയ്യാറ്റിൻകര, റീജിയണൽ ലാബ് കോഴിക്കോട്, താലൂക്ക് ആശുപത്രി പുതുക്കാട്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചാലക്കുടി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാവക്കാട്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി |

| | | | |
|---|---|---|---|
| | | | ആലത്തൂർ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചിറ്റൂർ, സി. എച്ച്. സി. ഷൊർണ്ണൂർ, ജില്ലാ ആശുപത്രി പാലക്കാട്, ജില്ലാ പി. എച്ച്. ലാബ്, മലപ്പുറം, ഡബ്ല്യൂ. സി. എച്ച്., മട്ടാഞ്ചേരി, മെന്റൽ ഹെൽത്ത് സെന്റർ, കോഴിക്കോട് & തൃശ്ശൂർ തുടങ്ങിയ സ്ഥാപനങ്ങളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തൽ - 100 ലക്ഷം രൂപ)<br>(ജനറൽ ആശുപത്രി, എറണാകുളം, ജില്ലാ ആശുപത്രി, കോട്ടയം, ജില്ലാ ആശുപത്രി, പാലക്കാട്- പാലിയേറ്റീവ് കെയർ യൂണിറ്റ് നിർമ്മാണം, വാർഡ് നിർമ്മാണം കീമോതെറാപ്പി യൂണിറ്റ് സ്ഥാപിക്കൽ)<br>പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ (ആരോഗ്യ വകുപ്പിനു കീഴിൽ) 2500 ലക്ഷം രൂപ)<br>പുതിയ കെട്ടിടം സി. എച്ച്. സി., കല്ലറ പുതിയ ബ്ലോക്ക് റ്റി. എച്ച്. ക്യൂ. എച്ച്. ഇരിങ്ങാലക്കട 8.00 ലക്ഷം, ലെപ്രസി ഹോസ്പിറ്റൽ ഇരിട്ടി-45 ലക്ഷം. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, റ്റി. എച്ച്. ക്യൂ. എച്ച്- മൂവാറ്റുപുഴ-610 ലക്ഷം രൂപ, എച്ച്. എം. സി. തിരുവനന്തപുരം - 378 ലക്ഷം രൂപ. ടെയിനിംഗ് സെന്റർ തൃശ്ശൂർ കോഴിക്കോട് -350 ലക്ഷം രൂപ, എം. എച്ച്. സി. തൃശ്ശൂർ-90 ലക്ഷം സി. എച്ച്. സി. ചെറുകര, മലപ്പുറം -52 ലക്ഷം)<br>ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ (300 ലക്ഷം രൂപ) ക്രിട്ടിക്കൽ കെയർ വാർഡ് നിർമ്മാണം- ഡി. എച്ച്. കൊല്ലം. ലിഫ്റ്റ് സൗകര്യം ജി. എച്ച്. കോഴിക്കോട്- മെയിൽ വാർഡ് നിർമ്മാണം- ലെപ്രസി ഹോസ്പിറ്റൽ ചേവായൂർ)<br>മെന്റൽ ഹെൽത്ത് സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ - 50 ലക്ഷം (എം. എച്ച്. സി)- തിരുവനന്തപുരം (40 ലക്ഷം) എം. എച്ച്. സി. തൃശ്ശൂർ (10 ലക്ഷം)<br>പി. എച്ച്. ലാബ് ശക്തിപ്പെടുത്തൽ (50 ലക്ഷം രൂപ)<br>(റീജിയണൽ ലാബ് കണ്ണൂർ- 30 ലക്ഷം)<br>സ്റ്റേറ്റ് പബ്ലിക്ക് ഹെൽത്ത് ക്ലീനിക്കൽ ലാബ് - 20 ലക്ഷം<br>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം 1000 ലക്ഷം രൂപ( ഡബ്ല്യൂ & |

| | | | |
|---|---|---|---|
| | | | സി ഹോസ്പിറ്റൽ കാസർഗോഡ് 360 ലക്ഷം)<br>കോന്നി പത്തനം തിട്ട (311 ലക്ഷം)<br>മങ്ങാട്ടുപറമ്പ് കണ്ണൂർ (329 ലക്ഷം) |
| ഡി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | ടി നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പി. ഡബ്ല്യു. ഡിയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 2210-ശീർഷകത്തിൽ ടി നിർമ്മാണ പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ടുകൾ പി. ഡബ്ല്യു. ഡി.യിക്ക് കൈമാറിക്കൊണ്ടിരിക്കുകയാണ്. 4210-ൽ അനുവദിച്ച ഫണ്ട് പി. ഡബ്ല്യു.ഡി തന്നെയാണ് കൈകാര്യം ചെയ്യുന്നത്. ഈ പദ്ധതികൾക്ക് ലഭിച്ച ഭരണാനുമതികൾ ബന്ധപ്പെട്ട പി. ഡബ്ല്യു.ഡി. ഡിവിഷനുകൾക്ക് കൈമാറിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**